നിരവധി മോഷണ കേസിലെ പ്രതിയെ പിടികൂടി. തൃശൂർ പൂവൻചിറ ആയോട് കനാൽ ഭാഗത്ത് വെളുത്തേടത്ത് പറമ്പിൽ വീട്ടിൽ വിബിൻ (45) നെയാണ് കൂത്താട്ടുകുളം പോലീസ് പിടികൂടിയത്. കഴിഞ്ഞ വ്യഴാഴ്ച രാത്രി തിരുമാറാടി ഒലിയപ്പുറം ഭഗവതി ക്ഷേത്രം തൃക്കണ്ണാപുരം മഹാദേവ ക്ഷേത്ര സമുച്ചയത്തിലെ ശ്രീകോവിൽ പൊളിച്ച് വെള്ളി ഗോളകയും, നാല് ഭണ്ഡാരങ്ങൾ കുത്തിപൊളിച്ച് പണവും മോഷ്ടിച്ച കേസിലാണ് ഇയാളെ പിടികൂടിയത്.